

space

# സോഫ്റ്റ്‌വെയർ
# സ്വതന്ത്രമായി ഉപയോഗിക്കാം

സ്പേസ്, തിരുവനന്തപുരം

# സോഫ്റ്റ്‌വെയർ സ്വതന്ത്രമായി ഉപയോഗിക്കാം

സ്പേസ്, തിരുവനന്തപുരം

**Society for the Promotion of**
**Alternative Computing and Employment**
C11, Elankom Gardens, Thiruvananthapuram 695010
http:// www.space-kerala.org

Software Swathanthramayi Upayogikkam
Copyright ©2010 SPACE
Published under the Creative Commons Atribution Share Alike (by-sa) India 2.5 licence
Society for Promotion of Alternative Computing and Employment
C11, Elankom Gardens, Vellayambalam, Thiruvananthapuram 695010
http://www.space-kerala.org

For free distribution

സ്വാതന്ത്ര്യം തന്നെ അമൃതം,
സ്വാതന്ത്ര്യം തന്നെ ജീവിതം,
പാരതന്ത്ര്യം മാനികൾക്ക്,
മൃതിയേക്കാൾ ഭയാനകം.

— കുമാരനാശാൻ

# സോഫ്റ്റ്‌വെയർ സ്വതന്ത്രമായി ഉപയോഗിക്കാം

സ്വാതന്ത്ര്യം തന്നെയാണ് മനുഷ്യർക്ക് ഏറ്റവും പ്രധാനം. അതുകൊണ്ടാവണമല്ലോ ഇതുവരെ സ്വാതന്ത്ര്യസമരങ്ങൾ നാം കാണുന്നത്. ചരിത്രത്തിലെ ഒരു പ്രധാന ഭാഗം തന്നെയാണ് സ്വാതന്ത്ര്യ സമരങ്ങൾ. കരുത്തുള്ളവർ ഇല്ലാത്തവരെ ചൂഷണം ചെയ്യുന്നിടത്തോളം കാലം ഇത്തരം സമരങ്ങൾ തുടർന്നുകൊണ്ടിരിക്കും.

മനുഷ്യൻ സൃഷ്ടിച്ചിട്ടുള്ളവയിൽ വെച്ച് ഏറ്റവും സാദ്ധ്യതകൾ നിറഞ്ഞ, എല്ലാവർക്കും പ്രയോജനപ്രദമായ, സാങ്കേതികവിദ്യകളിൽ ഒന്നാണല്ലോ വിവരവിനിമയ സാങ്കേതികവിദ്യ (Information Communication Technology, ICT). ഈ സാങ്കേതിക വിദ്യയുടെ പ്രയോജനം, മറ്റ് ഏത് സാങ്കേതികവിദ്യയുടേതുമെന്നപോലെ, സമൂഹത്തിന് ലഭിക്കേണ്ടതല്ലേ? കുറച്ചു വ്യക്തികൾക്കോ ചില വ്യവസായ സ്ഥാപനങ്ങൾക്കോ മാത്രം ലഭിക്കേണ്ടതല്ലല്ലോ. എന്നാൽ ഇന്നത്തെ അവസ്ഥയിൽ ഈ സാങ്കേതിക വിദ്യയുടെ എല്ലാ ഗുണങ്ങളും സമൂഹത്തിനു ലഭിക്കുന്നില്ല എന്നതല്ലേ സത്യം? ഇതിനുള്ള ഒരു കാരണം കമ്പ്യൂട്ടറും മറ്റും വാങ്ങാനുള്ള ചെലവാണ്. കമ്പ്യൂട്ടർ ഹാർഡ്‌വെയറിന്റെ വില കാര്യമായി കുറഞ്ഞു വരുന്നുണ്ട് എന്നത് ഈ സാങ്കേതിക വിദ്യ എല്ലാവരിലും എത്തുന്നതിന് സഹായകമാണ്. എന്നാൽ സോഫ്റ്റ്‌വെയറിന്റെ വില ഇന്നും വളരെ ഉയർന്നു തന്നെ നിൽക്കുന്നു. വാസ്തവത്തിൽ സോഫ്റ്റ്‌വെയർ ഒരു തരം അറിവാണ് – കമ്പ്യൂട്ടറിന് ഉണ്ടായിരിക്കേണ്ട അറിവ്. ആ നിലയ്ക്ക് അതിനെ ഒരു വില്പനച്ചരക്കായി കാണുന്നത് ശരിയല്ല. അങ്ങനെയല്ലാത്ത സോഫ്റ്റ്‌വെയറാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ.

സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇന്ന് ആർക്കും പുത്തരിയല്ല. അതിന്ന് ലോകത്താകമാനം അറിയപ്പെടുന്നു. മാത്രമല്ല പല രാജ്യങ്ങളിലും സർക്കാരുകളും സ്വകാര്യ കമ്പനികളും അതുപയോഗിച്ചു തുടങ്ങിയിരിക്കുന്നു. സ്പെയിനിലെ എക്സ്ട്രെമദുര സംസ്ഥാനവും ജർമ്മനിയിലെ മ്യൂണിക്ക് നഗരവും കേരള സംസ്ഥാനവും ഗൂഗിളും യാഹൂവും നമ്മുടെ LIC യും തമിഴ്നാട്ടിലെ ELCOT ഉം ഒക്കെ ഉദാഹരണങ്ങളാണ്. മൈക്രോസോഫ്റ്റിന്റെ കുത്തകയ്ക്കുതന്നെ തടസം നിൽക്കുന്ന പ്രധാനപ്പെട്ട സോഫ്റ്റ്‌വെയർ ആണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ ഗ്നു ലിനക്സ് ഇന്ന്. കേരളത്തിലെ എല്ലാ സ്കൂളുകളിലും ഉപയോഗിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറിനേപ്പറ്റി അറിയാത്തവർ കേരളത്തിൽ വിരളമായിരിക്കും.

## എന്തുകൊണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയർ?

ഉപയോക്താക്കൾക്ക് സ്വാതന്ത്ര്യം നൽകുന്ന സോഫ്റ്റ്‌വെയറാണ് സ്വതന്ത്രസോഫ്റ്റ്‌വെയർ. നാലു സ്വാതന്ത്ര്യങ്ങളാണ് സ്വതന്ത്രസോഫ്റ്റ്‌വെയർ നൽകുന്നത്. എത്ര കമ്പ്യൂട്ടറുകളിൽ വേണമെങ്കിലും ഏതാവശ്യത്തിനും ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമാണ് ആദ്യത്തേത്. നിശ്ചിത എണ്ണം കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കാനുള്ള അനുവാദം മാത്രമെ ഉടമസ്ഥാവകാശമുള്ള (proprietary) സോഫ്റ്റ്‌വെയർ നൽകുന്നുള്ളൂ എന്നറിയാമല്ലോ. പകർത്തി മറ്റുള്ളവർക്ക് നൽകാനുള്ള സ്വാതന്ത്ര്യമാണ് രണ്ടാമത്തേത്. സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം പഠിക്കാനും വേണമെങ്കിൽ അതിൽ മാറ്റം വരുത്താനുമുള്ളതാണ് മൂന്നാമത്തെ സ്വാതന്ത്ര്യം. ഇത് സാധ്യമാകണമെങ്കിൽ പ്രോഗ്രാമിന്റെ മൂലരൂപമായ

സോഴ്സ് കോഡ് (source code) ലഭ്യമായേ പറ്റൂ. അതുകൊണ്ട് എല്ലാ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെയും മൂലരൂപം ഇന്റർനെറ്റിൽ ലഭ്യമാണ്. ഇങ്ങനെ മാറ്റം വരുത്തിയ സോഫ്റ്റ്‌വെയർ പുനർവിതരണം ചെയ്യാനുള്ളതാണ് നാലാമത്തെ സ്വാതന്ത്ര്യം. ഈ നാലു സ്വാതന്ത്ര്യങ്ങളും നൽകുന്ന സോഫ്റ്റ്‌വെയറിനെ മാത്രമെ സ്വതന്ത്രസോഫ്റ്റ്‌വെയർ എന്നു പറയൂ. ഈ സ്വാതന്ത്ര്യങ്ങളൊന്നും തന്നെ നാം പണം കൊടുത്തു വാങ്ങുന്ന ഉടമസ്ഥാവകാശമുള്ള സോഫ്റ്റ്‌വെയർ നമുക്ക നൽകുന്നില്ല എന്നതു വ്യക്തമാണല്ലോ. സോഫ്റ്റ്‌വെയർ അറിവു പോലെയാണെന്നും അറിവെന്നപോലെ സോഫ്റ്റ്‌വെയറും സ്വതന്ത്രമായിരിക്കണമെന്നുമുള്ള ആശയത്തിന്റെ അടിസ്ഥാനത്തിലാണ് സ്വതന്ത്രമായി ഉപയോഗിക്കാനും പകർന്നുകൊടുക്കാനും മറ്റും അനുവാദമുള്ള സോഫ്റ്റ്‌വെയർ സൃഷ്ടിക്കാൻ റിച്ചാഡ് സ്റ്റാൾമാൻ തീരുമാനിച്ചത്.

“പ്രോഗ്രാമിങ്ങ് അറിയാത്ത എനിക്ക് ഇത്തരം സ്വാതന്ത്ര്യങ്ങൾ കൊണ്ട് എന്തു പ്രയോജനം” എന്നു ആർക്കും സംശയമുണ്ടാകാം. ഇതിന് രണ്ടു ഉത്തരങ്ങളുണ്ട്. സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ എനിക്കാവില്ലെങ്കിലും വേണമെങ്കിൽ അതറിയാവുന്ന ഒരാളെക്കൊണ്ട് എനിക്കാവശ്യമായ മാറ്റം വരുത്തിക്കാനാവും എന്നതാണൊന്ന്. ഇങ്ങനെ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തേണ്ട ആവശ്യം വ്യക്തികൾക്ക് ഉണ്ടാവാൻ സാധ്യതയില്ലെങ്കിലും ചില സ്ഥാപനങ്ങൾക്കെങ്കിലും വേണ്ടിവരാമല്ലോ. പക്ഷെ എല്ലാവർക്കും പ്രയോജനം ചെയ്യുന്ന മറ്റൊരു കാര്യമുണ്ട്. ഒരു സമൂഹത്തിനു തന്നെ ആവശ്യമായ മാറ്റങ്ങൾ സോഫ്റ്റ്‌വെയറിൽ വരുത്താനാവും എന്നതാണത്. ഉദാഹരണമായി കേരളത്തിലെ കുറേ ചെറുപ്പക്കാരും മറ്റും ചേർന്ന് ഗ്നു ലിനക്സ് ഓപ്പറേറ്റിങ്ങ് സിസ്റ്റം മലയാളത്തിലാക്കിയിട്ടുണ്ട്. അതുകൊണ്ട് മലയാളം മാത്രമറിയാവുന്നവർക്കും കമ്പ്യൂട്ടർ ഇന്ന് പ്രാപ്യമാണ്. ഇതിനായി സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് എന്ന ഒരു സംഘടനതന്നെ നിലവിൽ വന്നിട്ടുണ്ട്. സോഫ്റ്റ്‌വെയർ പുതുക്കുന്നതനുസരിച്ച് അതൊക്കെയിവർ മലയാളത്തിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ മലയാളം ടൈപ്പുചെയ്യാനുള്ള സൗകര്യങ്ങൾ, കമ്പ്യൂട്ടറിലുപയോഗിക്കാവുന്ന മലയാളം ഡിക്ഷ്ണറി, തുടങ്ങിയവ തയാറാക്കുകയും ചെയ്തിരിക്കുന്നു. ഇതെല്ലാം സാദ്ധ്യമായതു് സോഫ്റ്റ്‌വെയറിന്റെ സ്വാതന്ത്ര്യം കൊണ്ടുമാത്രമാണെന്നു വ്യക്തമാണല്ലോ. ഈവക കാരണങ്ങളാൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതാണ് വ്യക്തിക്കും സമൂഹത്തിനും നല്ലതു്. എന്നാൽ എന്തെല്ലാം സോഫ്റ്റ്‌വെയറുകൾ ഇത്തരത്തിൽ ലഭ്യമാണ് എന്ന് ആർക്കും സംശയം തോന്നാം. ഇനിയുള്ള താളുകളിൽ ഇതിനൊരു ഉത്തരം നല്കാൻ ശ്രമിച്ചിരിക്കുന്നു. സാധാരണഗതിയിൽ മിക്കവർക്കും ആവശ്യമായി വരുന്ന ചില ആപ്ലിക്കേഷനുകൾ മാത്രമാണ് ഇവിടെ വിവരിച്ചിരിക്കുന്നതു്. പല ഉപയോഗങ്ങൾക്കും ഒന്നിലധികം ആപ്ലിക്കേഷനുകൾ നിലവിലുണ്ട് എങ്കിലും ഓരോന്നു വീതം മാത്രമെ ഇവിടെ വിവരിക്കുന്നുള്ളൂ.

## ഓഫീസ് ആപ്ലിക്കേഷനുകൾ

### ഓപ്പൺഓഫീസ് (OpenOffice)

ഒരുപക്ഷെ കമ്പ്യൂട്ടറിൽ ഏറ്റവുമധികം ഉപയോഗിക്കുന്നവയാണ് ഓഫീസ് ആപ്ലിക്കേഷനുകൾ എന്ന പേരിൽ അറിയപ്പെടുന്ന വേഡ് പ്രോസസർ, സ്പ്രെഡ്ഷീറ്റ്, മൾട്ടിമീ




ചിത്രം 1: ഓപ്പൺ ഓഫീസ് തുടങ്ങുമ്പോൾ ലഭിക്കുന്ന ജാലകം.

ഡിയ പ്രസന്റേഷൻ എന്നിവ. ഇവയെല്ലാം ചേർന്ന് ഒരൊറ്റ പാക്കേജായാണ് സാധാരണയായി ലഭിക്കുന്നത്. അത്തരത്തിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് ഓപ്പൺ ഓഫീസ്. ഇതിൽ മേൽ വിവരിച്ചവ കൂടാതെ ചിത്രം വരയ്ക്കാനുള്ള ഒരു ആപ്ലിക്കേഷനും html പേജുകൾ നിർമ്മിക്കാനുള്ള ഒരു ആപ്ലിക്കേഷനും ഒരു ഡേറ്റബേസ് ആപ്ലിക്കേഷനും ഉണ്ട്. ആഗോള സ്റ്റാൻഡേർഡ് ഫോർമാറ്റായ .odf (Open Document Format)ലാണ് ഇത് ഫയലുകൾ സേവ് ചെയ്യുന്നത്. മറ്റൊരു ജനപ്രിയ ഓഫീസ് പാക്കേജാണ് കെഓഫീസ്. (http://openoffice.org)

## റൈറ്റർ (OpenOffice Writer)




ചിത്രം 2: ഓപ്പൺ ഓഫീസ് റൈറ്റർ ജാലകം.

സാധാരണയായി ഉപയോഗിക്കുന്ന മിക്ക വേഡ് പ്രോസസറുകളേക്കാൾ കൂടുതൽ ഫീച്ചറുകൾ ഓപ്പൺ ഓഫീസ് റൈറ്ററിലുണ്ട്. ലളിതമായി ഡിറ്റിപി ആപ്ലിക്കേഷനുകളുമായി താരതമ്യം ചെയ്യാവുന്ന കഴിവുകൾ ഇതിനുണ്ട്. അതുകൊണ്ടുതന്നെ സ്റ്റൈൽ എന്ന സങ്കേതം ഉപയോഗിച്ചാണ് ഇതിൽ പല കാര്യങ്ങളും ചെയ്യേണ്ടത്. മൈക്രോസോഫ്റ്റ് വേഡ്, വേഡ്പെർഫക്ട്, തുടങ്ങിയ മിക്ക വേഡ് പ്രോസസറുകളിലും തയാറാക്കിയ ഫയലുകൾ ഇതിൽ തുറക്കാനാകും. ഈ ഫോർമാറ്റുകളിൽ ഫയലുകൾ സേവ് ചെയ്യാനുമാവും. കൂടാതെ pdf രൂപത്തിലാക്കാനും എളുപ്പമാണ്. അബിവേഡ്, കെറൈറ്റ് തുടങ്ങിയവയും പലർക്കും പ്രിയങ്കരമായ വേഡ് പ്രോസസറുകളാണ്.

## കണക്കുകൂട്ടാൻ കാൽക്ക് (OpenOffice Calc)

കണക്കുകൂട്ടലുകൾക്കായി ഉപയോഗിക്കുന്ന ആപ്ലിക്കേഷനാണ് സ്പ്രെഡ്ഷീറ്റ്. ഓപ്പൺ ഓഫീസിലുള്ള സ്പ്രെഡ്ഷീറ്റിന്റെ പേരു് കാൽക്ക് എന്നാണ്. അതിന്റെ ഒരു സ്ക്രീൻ ദൃശ്യം ചിത്രം 3ൽ കാണാം. മൈക്രോസോഫ്റ്റ് എക്സൽ, ലോട്ടസ് 123, തുടങ്ങിയ സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്‌വെയറുകളിൽ ഉണ്ടാക്കിയ ഫയലുകൾ ഇതിൽ തുറക്കാനും ഇതിലുണ്ടാക്കിയ ഫയലുകൾ ആ ഫോർമാറ്റുകളിൽ സേവ് ചെയ്യാനുമാകും. ഇതിലുണ്ടാക്കിയ പട്ടികകൾ ഓപ്പൺഓഫീസ് റൈറ്ററിൽ ചേർക്കാനും എളുപ്പമാണ്. ന്യൂമെറിക്, കെസ്പ്രെഡ് എന്നിവയും ജനപ്രിയ സ്പ്രെഡ്ഷീറ്റുകളാണ്.




ചിത്രം 3: ഓപ്പൺ ഓഫീസ് കാൽക്ക് ജാലകം.

## പ്രസന്റേഷന് ഇംപ്രസ് (OpenOffice Impress)

മൾട്ടിമീഡിയ പ്രസന്റേഷന് ഉപയഗിക്കുന്ന ഓപ്പൺഓഫീസ് ഇംപ്രസിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിനെപ്പറ്റിയുള്ള ഒരു പ്രസന്റേഷൻ തുറന്നു വച്ചിരിക്കുന്നതാണ് ചിത്രം 4ൽ കാണുന്നത്. അക്ഷരങ്ങൾ മോടി പിടിപ്പിക്കാനും അവയെ ത്രിമാന രൂപങ്ങൾ ആക്കാനും നിഴൽ കൊടുക്കാനും മറ്റുമുള്ള സംവിധാനങ്ങൾ ഇംപ്രസ്സിലുണ്ട്. കൂടാതെ ചലച്ചിത്രവും ശബ്ദവും മറ്റും സന്നിവേശിപ്പിക്കാനും കഴിയും. കെപ്രസന്റർ, മാജിക്‌പോയിന്റ് എന്നിവയും പലർക്കും പ്രിയങ്കരമായ പ്രസന്റേഷൻ സോഫ്റ്റ്‌വെയറുകളാണ്.




ചിത്രം 4: ഓപ്പൺ ഓഫീസ് ഇംപ്രസ് ജാലകത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിനെക്കുറിച്ചുള്ള ഒരു പ്രസന്റേഷൻ തുറന്നു വച്ചിരിക്കുന്നു.

## ചിത്രരചനയ്ക്കു് ജിമ്പ് (Gimp)

വളരെയധികം സൗകര്യങ്ങളുള്ള ഒരു ആപ്ലിക്കേഷനാണ് ജിമ്പ് (GIMP). Gnu Image Manipulation Program എന്നതിന്റെ ചുരുക്കമാണ് ജിമ്പ്. ചിത്രങ്ങളിൽ മാറ്റം വരുത്താനും പുതിയ ചിത്രങ്ങൾ രചിക്കാനും ഇതു് ഉപയോഗിക്കാം. ജിമ്പിനെക്കുറിച്ചുള്ള ഒരു പോസ്റ്ററിന്റെ ചിത്രം ജിമ്പിൽ തന്നെ തുറന്നു വച്ചിരിക്കുന്നതു് ചിത്രം 5ൽ കാണാം. പല ചിത്രങ്ങൾ സംയോജിപ്പിച്ച് ഒരു ചിത്രമുണ്ടാക്കാനും പല ലെയറുകൾ ഉണ്ടാക്കാനും അവയിൽ ചിലതു മാത്രം ഒളിപ്പിച്ചു വെയ്ക്കാനും മറ്റും ജിമ്പിൽ കഴിയും. അക്ഷരങ്ങൾ ചേർത്തു് പെട്ടെന്ന് ഒരു ലോഗോ നിർമ്മിക്കുക, ചെറിയ തരത്തിലുള്ള അനിമേഷൻ ചെയ്യുക തുടങ്ങിയവ ജിമ്പിൽ എളുപ്പത്തിൽ ചെയ്യാനുള്ള സൗകര്യമുണ്ട്. ഇതിന്റെ വ്യത്യസ്ഥ രൂപമായ സിനിപെയിന്റ് എന്ന ആപ്ലിക്കേഷൻ ചില ചലച്ചിത്രങ്ങൾ നിർമ്മിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. (http://gimp.org)

## വെക്ടർ ഗ്രാഫിക്സിന് ഇൻക്സ്കേപ്പ് (Inkscape)

കമ്പ്യൂട്ടറിൽ ചിത്രങ്ങൾ രണ്ടു വിധത്തിൽ ഉണ്ടാവാം. ക്യാമറയിൽ എടുക്കുമ്പോഴോ സ്കാൻ ചെയ്യുമ്പോഴോ കിട്ടുന്നതു് റാസ്റ്റർ ചിത്രങ്ങളാണ്. ഇത്തരം ചിത്രങ്ങൾ വലുതാക്കിയാൽ അവയുടെ വ്യക്തത കുറയും. എന്നാൽ എത്ര വലുതാക്കിയാലും വ്യക്തത കുറയാത്ത ചിത്രങ്ങളാണ് വെക്ടർ ചിത്രങ്ങൾ. റാസ്റ്റർ ചിത്രങ്ങൾ രചിക്കാനും അവയിൽ മാറ്റം വരുത്താനുമുള്ള ആപ്ലിക്കേഷനാണ് ജിമ്പെങ്കിൽ വെക്ടർ ചിത്രങ്ങൾ രചിക്കാനുള്ള ആപ്ലിക്കേഷനാണ് ഇൻക്സ്കേപ്പ്. ഇതു് കൂടാതെ ഓപ്പൺഓഫീസിൽ ഡ്രോ എന്നൊരു ആപ്ലിക്കേഷനും ഇത്തരത്തിൽ ഉപയോഗിക്കാം. ഇൻക്സ്കേപ്പ് ഉപയോഗിക്കാനുള്ള സഹായിയാണ് ഇൻക്സ്കേപ്പിന്റെ ജാലകത്തിൽ തുറന്നു വച്ചിരിക്കുന്നതായി ചിത്രം 6ൽ കാണുന്നതു്. (http://www.inkscape.org)




ചിത്രം 5: ജിമ്പിനെക്കുറിച്ചുള്ള പോസ്റ്റർ ജിമ്പിൽ തുറന്നു വച്ചിരിക്കുന്നു.




ചിത്രം 6: ഇൻക്സ്കേപ്പിന്റെ ജാലകം.

# ഇന്റർനെറ്റ് ആപ്ലിക്കേഷനുകൾ

## വെബ് സൈറ്റുകൾ കാണാൻ ഫയർഫോക്സ് (Firefox)




ചിത്രം 7: ഫയർഫോക്സിന്റെ ജാലകത്തിൽ പല ടാബുകൾ തുറന്നു വച്ചിരിക്കുന്നു.

വളരെ വേഗം പ്രചാരം വർദ്ധിച്ചു വരുന്ന വെബ് ബ്രൗസറാണ് മോസില്ല ഫയർഫോക്സ്. അതു് ആദ്യമായി വന്ന കാലത്തു് ഏറ്റവും കൂടുതൽ ഉപയോഗത്തിലുണ്ടായിരുന്ന ഇന്റർനെറ്റ് എക്സ്പ്ലോററിന്റെ പ്രചാരത്തിന്റെ മൂന്നിലൊന്ന് കവർന്നെടുക്കാൻ ഏതാനും വർഷം കൊണ്ട് ഫയർഫോക്സിനു കഴിഞ്ഞിട്ടുണ്ട്. പല പുതിയ സൗകര്യങ്ങളും ഫയർഫോക്സ് കൊണ്ടുവന്നു എന്നു തന്നെയല്ല പുതിയ ഫീച്ചറുകൾ ചേർക്കുന്നതിന് അതിൽ വളരെ എളുപ്പമായതുകൊണ്ട് അനേകം പ്ലഗ്ഗിനുകളും മറ്റും ഫയർഫോക്സിനായി ഉണ്ടാക്കപ്പെടുന്നുണ്ട്. കൂടുതൽ സുരക്ഷിതത്വം നൽകുകയും കൂടുതൽ വേഗതയോടെ വെബ് സൈറ്റുകൾ ദൃശ്യമാക്കുകയും ചെയ്യുന്നതു് ഫയർഫോക്സിന്റെ പ്രചാരം വർദ്ധിപ്പിച്ചു. കോൺക്കറർ (Konqueror), മോസില്ല (Mozilla), ഗൂഗിൾ ക്രോം (Google Chrome) എന്നിങ്ങനെ മറ്റു ബ്രൗസറുകളുമുണ്ട്. (http://mozilla.org)

## ഇമെയിലിന് ഇവല്യൂഷൻ (Evolution)

ഇന്റർനെറ്റ് ഇന്ന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നതു് ഒരുപക്ഷെ ഇമെയിലിനാവും. ഇമെയിൽ രണ്ടു രീതിയിൽ വായിക്കാനാവും. ഒന്നുകിൽ ഇമെയിൽ സൗകര്യം നൽകുന്ന കമ്പനിയുടെ വെബ്സൈറ്റിൽ (ഉദാഹരണമായി gmail.com) പോയി ലോഗിൻ ചെയ്തു് മെയിൽ വായിക്കുക. പോപ്പ് സൗകര്യമുള്ള വെബ്സൈറ്റാണെങ്കിൽ നമ്മുടെ കമ്പ്യൂട്ടറിലേക്ക് നമ്മുടെ മെയിലുകളെല്ലാം ഡൗൺലോഡ് ചെയ്യാനാവും. അതിന് നാം ഒരു മെയിൽ ക്ലയൻറ് ഉപയോഗിക്കണം. സ്വതന്ത്രമായ ഒരു മെയിൽ ക്ലയന്റാണ് ഇവല്യൂഷൻ. മെയിൽ ഡൗൺലോഡ് ചെയ്യാൻ മാത്രമല്ല, നമ്മുടെ പരിപാടികൾ കുറിച്ചു വയ്ക്കാനും അവ നമ്മെ ഓർമ്മിപ്പിക്കാനും ഉള്ള




ചിത്രം 8: ഇവല്യൂഷൻ ജാലകം

സംവിധാനവും ഇവല്യൂഷനിലുണ്ട്. അതുപോലെ, നമുക്ക് പരിചയമുള്ളവരുടെ മേൽവിലാസങ്ങളും ഫോൺ നമ്പരുകളും മറ്റും രേഖപ്പെടുത്തി വയ്ക്കാനും ഇവല്യൂഷന് കഴിയും. (http://projects.gnome.org/evolution) ഇമെയിലിന് ഇവല്യൂഷൻ കൂടാതെ തണ്ടർബേർഡ്, കോണ്ടാക്ട് തടങ്ങി മറ്റു പല ആപ്ലിക്കേഷനുകളുമുണ്ട്.

## ചാറ്റിന് പിഡ്ജിൻ (Pidgin)




ചിത്രം 9: പിഡ്ജിൻ

ഇന്റർനെറ്റിൽ ഇന്ന് വളരെയധികം ഉപയോഗിക്കുന്ന സംവിധാനമാണ് ചാറ്റ് (chat). ഇമെയിൽ അയച്ച് മറുപടി വരാൻ സമയമെടുക്കുമ്പോൾ ചാറ്റിൽക്കൂടി അപ്പപ്പോൾ തന്നെ പരസ്പരം സംസാരിക്കാം. ആദ്യകാലത്ത് വാക്കുകൾ ടൈപ്പുചെയ്ത് അയയ്ക്കേണ്ടിയിരുന്നെങ്കിലും ഇന്ന് ശബ്ദവും ചിത്രവും കൈമാറാനുള്ള സൗകര്യമുണ്ട്. ടെലിഫോണിനു പകരം ഉപയോഗിക്കാവുന്ന സംവിധാനമായിരിക്കുന്നു ചാറ്റ്.

ചാറ്റിനുള്ള ആപ്ലിക്കേഷനുകൾ പലതുണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയറായി ലഭിക്കുന്നത്. പിഡ്ജിൻ എന്ന ചാറ്റ് ക്ലയന്റാണ് ഇവയിൽ ഏറ്റവും പ്രചാരത്തിലുള്ള ഒന്ന്. അടുത്ത കാലം വരെ ഇതിൽ വാക്കുകൾ മാത്രമെ കൈമാറാൻ കഴിയുമായിരുന്നുള്ളൂ എങ്കിലും ഇപ്പോൾ ശബ്ദം കൈമാറാനും കഴിയും. യാഹൂ, ഗൂഗിൾ, തുടങ്ങിയ പല ചാറ്റ് ക്ലയന്റുകൾക്കും പകരം പിഡ്ജിൻ മാത്രം മതിയാവും. ശബ്ദവും ചിത്രവും കൈമാറാനാവുന്നതാണ് എംപതി (Empathy) എന്ന ചാറ്റ് ക്ലയന്റ്. വളരെ പ്രചാരമുള്ള മറ്റൊന്നാണ് കോപീറ്റ് (Kopete). (http://www.pidgin.im)

## മാധ്യമങ്ങൾക്കുള്ള ആപ്ലിക്കേഷനുകൾ

### ശബ്ദം എഡിറ്റ് ചെയ്യാൻ ഒഡാസിറ്റി (Audacity)

റെക്കോഡ് ചെയ്ത ശബ്ദത്തിൽ മാറ്റങ്ങൾ വരുത്താനോ സംഭാഷണമോ സംഗീതമോ റെക്കോർഡ് ചെയ്യാനോ ഉപയോഗിക്കാവുന്ന ആപ്ലിക്കേഷനാണ് ഒഡാസിറ്റി (Audacity). സ്റ്റീരിയോ ശബ്ദഫയൽ കൈകാര്യം ചെയ്യാനാവുന്ന ഈ ആപ്ലിക്കേഷന് ശബ്ദം മുറിച്ചു മാറ്റാനും കൂട്ടിച്ചേർക്കാനും ശബ്ദത്തിന്റെ ആവൃത്തിയിലും ഗുണനിലവാരത്തിലും മറ്റും മാറ്റങ്ങൾ വരുത്താനും കഴിയും. അമേച്ചർ ഉപയോഗങ്ങൾക്ക് ഒഡാസിറ്റി ഉതകുമെങ്കിൽ പ്രൊഫഷണൽ ആവശ്യങ്ങൾക്ക് വളരെ കൂടുതൽ ഫീച്ചറുകളുള്ള ആർഡർ (Ardor) എന്ന ആപ്ലിക്കേഷനുണ്ട്. (http://audacity.sourceforge.net)




ചിത്രം 10: ഒഡാസിറ്റിയുടെ ജാലകത്തിൽ ഒരു ശബ്ദഫയൽ എഡിറ്റു ചെയ്യുന്നു.

### വിഡിയൊ എഡിറ്റു ചെയ്യാൻ പിറ്റിവി (PiTiVi)

ശബ്ദം പോലെതന്നെ, അല്ലെങ്കിൽ അതിലധികം, പ്രധാനമാണ് ഇക്കാലത്ത് വിഡിയൊയും. സാധാരണക്കാർക്ക് ലളിതമായ വിഡിയൊ ക്യാമറകളിൽ എടുത്ത ചലച്ചിത്രങ്ങൾ എഡിറ്റു ചെയ്യാനുതകുന്ന ആപ്ലിക്കേഷനാണ് പിറ്റിവി. നീളം കുറഞ്ഞ വിഡിയൊ ദൃശ്യങ്ങൾ കൂട്ടിച്ചേർത്ത് ഒരു നീണ്ട ചിത്രമാക്കാൻ ഇതുപയോഗിക്കാം. അടുത്ത കാലത്ത് വികസിപ്പിച്ചു തുടങ്ങിയ ഈ ആപ്ലിക്കേഷനിൽ സങ്കീർണ്ണമായ ഫീച്ചറുകളൊന്നും ഇപ്പോഴില്ല. കുറച്ചുകൂടി കാര്യമായ എഡിറ്റിംഗ് നടത്തണം എന്നുണ്ടെങ്കിൽ കെഡിഎൻലൈവ് (Kdenlive) എന്ന ആപ്ലിക്കേഷൻ ഉപയോഗിക്കാം. ഇനി ഏതാണ്ട് പ്രോഫഷണൽ തലത്തിലുള്ള എഡിറ്റിംഗാണ് ചെയ്യേണ്ടതെങ്കിൽ സിനിലെറ (Cinelerra) എന്ന ആപ്ലിക്കേഷനാവും ഉചിതം. (http://www.pitivi.org)




ചിത്രം 11: പിറ്റിവിയിൽ വിഡിയൊ ശകലങ്ങൾ എഡിറ്റു ചെയ്യുന്നു.

### ത്രിമാന അനിമേഷന് ബ്ലെൻഡർ (Blender)

ത്രിമാന അനിമേഷൻ എന്ന സാങ്കേതികവിദ്യ ചലച്ചിത്രങ്ങൾക്കുവേണ്ടി ഇപ്പോൾ ധാരാളമായി ഉപയോഗിക്കുന്ന ഒന്നാണല്ലോ. ഈ ആവശ്യത്തിനായി അതിവേഗം ജനപ്രിയമായി വരുന്ന ഒരു ആപ്ലിക്കേഷനാണ് ബ്ലെൻഡർ. വളരെയധികം കാര്യങ്ങൾ ചെയ്യാൻ ശേഷിയുള്ള ഈ സോഫ്റ്റ്‌വെയർ, ത്രിമാന ചിത്രങ്ങളുണ്ടാക്കാനും അനിമേഷനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യാനും ത്രിമാന കമ്പ്യൂട്ടർ ഗെയിമുകൾ നിർമ്മിക്കാനും വിഡിയൊ എഡിറ്റിംഗിനും ഉപയോഗിക്കാവുന്ന ഒന്നാണ്. ഇതുപയോഗിച്ച് മാത്രം നിർമ്മിച്ച ഏതാനും ചിത്രങ്ങൾ ഡൗൺലോഡ് ചെയ്തു് കാണാനും മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനുമുള്ള സ്വാതന്ത്ര്യത്തോടെ ഇന്റർനെറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. (http://www.blender.org)

## ശാസ്ത്രീയ ആവശ്യങ്ങൾക്കുള്ള ആപ്ലിക്കേഷനുകൾ

ശാസ്ത്രീയ കണക്കുകൂട്ടലുകൾക്കും ദത്തങ്ങളുടെ (data) വിശ്ലേഷണത്തിനും ഗ്രാഫുകൾ വരയ്ക്കുന്നതിനും മറ്റും ഉപയോഗിക്കാവുന്ന ആപ്ലിക്കേഷനുകൾ പലതും സ്വതന്ത്രമായി ലഭ്യമാണ്. ഗ്നു ആർ (GNU R) എന്നതു് വളരെ കഴിവുറ്റ ഒരു സോഫ്റ്റ്‌വെയറാണ്. ദത്തങ്ങളുടെ വലിയൊരു കൂട്ടത്തെ വിശ്ലേഷിച്ച് അതിൽനിന്ന് ആവശ്യമായ അറിവ് വേർതിരിച്ചെടുക്കാനും അതിന്റെ ദ്വിമാന, ത്രിമാന ഗ്രാഫുകൾ വരയ്ക്കാനും ഇതിന് കഴിയും. ഒക്ടേവ് (Octave), സൈലാബ് (Scilab), എന്നിവ സങ്കീർണ്ണമായ ഗണിത




ചിത്രം 12: ബ്ലെൻഡറിന്റെ ജാലകം

പ്രക്രിയകൾ ചെയ്യാനുപയോഗിക്കുന്ന ആപ്ലിക്കേഷനുകളാണ്. ഈ പ്രക്രിയകളുടെ ഫലമായി ലഭിക്കുന്ന വിവരങ്ങളെ ഗ്രാഫുകളായി കാണിക്കാനും ഈ രണ്ട് സോഫ്റ്റ്‌വെയറിനും കഴിയും. ഇവ കൂടാതെ മാക്സിമ (Maxima), ഗ്നുപ്ലോട്ട് (Gnuplot), ലാബ്പ്ലോട്ട് (Labplot), ഗ്രേസ് (Grace), സേജ് (Sage), സയന്റിഫിക് പൈതൺ (Scientific Python) തുടങ്ങിയ അനേകം സോഫ്റ്റ്‌വെയറുകൾ ശാസ്ത്രീയാവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നുണ്ട്. ഇവയെല്ലാം സ്വതന്ത്ര സോഫ്റ്റ്‌വെയറുകളാണ്. വളരെ ലളിതമായ, എന്നാൽ വളരെയേറെ കഴിവുകളുള്ള, പ്രോഗ്രാമിങ്ങ് ഭാഷയാണ് പൈതൺ. ആപ്ലിക്കേഷനുകൾ ഉണ്ടാക്കാനും ശാസ്ത്രീയ കണക്കുകൂട്ടലുകൾക്കും മറ്റനേകം ആവശ്യങ്ങൾക്കും ഇന്ന് പൈതൺ ഉപയോഗിച്ചുവരുന്നുണ്ട്. ത്രിമാന ഗ്രാഫുകൾ വരയ്ക്കാനുള്ള “മായാവി” എന്ന ആപ്ലിക്കേഷൻ ഇന്ത്യയിൽ ഉണ്ടാക്കിയതാണ്. ഇതു് രചിച്ചിരിക്കുന്നതു് പൈതൺ എന്ന ഭാഷയിലാണ്.

## സാങ്കേതിക ആവശ്യങ്ങൾക്കുള്ള സോഫ്റ്റ്‌വെയർ

പുതിയ സോഫ്റ്റ്‌വെയർ ഉണ്ടാക്കാനുള്ള ഉപകരണങ്ങളും ഇന്റർനെറ്റ് ആവശ്യങ്ങൾക്കുള്ള സോഫ്റ്റ്‌വെയറും സ്വതന്ത്രമായി ലഭിക്കുന്നുണ്ട്. വെബ് സെർവർ സോഫ്റ്റ്‌വെയറുകളിൽ ഏറ്റവും കൂടുതൽ (ഏതാണ്ട് 65 ശതമാനം) ഉപയോഗിക്കപ്പെടുന്നതു് അപ്പാച്ചെ (Apache) എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്. അതുപോലെ സ്വതന്ത്രമായ

MySQL, Php, തുടങ്ങിയവ ഇന്റർനെറ്റ് ആവശ്യങ്ങൾക്ക് വളരെയധികം ഉപയോഗിക്കുന്നവയാണ്. Kdevelop, QTDesigner, Code::Blocks, Glade തുടങ്ങിയവ പ്രോഗ്രാമർമാർ ഇഷ്ടപ്പെടുന്ന ആപ്ലിക്കേഷനുകളാണ്. ഇക്കൂട്ടത്തിൽ പെട്ട അഞ്ജുത (Anjuta) ഇന്ത്യയിൽ വികസിപ്പിച്ചതാണ്. ഏറ്റവും നല്ല കമ്പൈലറായി (compiler) പല പ്രോഗ്രാമർമാരും കരുതുന്ന gcc സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്.

ഇങ്ങനെ എല്ലാ തരത്തിലും അഭികാമ്യമായ സോഫ്റ്റ്‌വെയറാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ. അതുപയോഗിക്കുമ്പോൾ വൈറസ്, ട്രോജൻ തുടങ്ങിയ പ്രശ്നങ്ങളിൽ നിന്ന് മുക്തി ലഭിക്കുന്നു. കമ്പ്യൂട്ടർ ഇടയ്ക്കിടയ്ക്ക് സ്വയം പണിമുടക്കുന്നില്ല. നമ്മുടെ കമ്പ്യൂട്ടറിലെ വിവരങ്ങൾ അത് ചോർത്തിക്കൊണ്ടു പോകില്ല. പണം ലാഭമുണ്ട്. ഇതെല്ലാം കൂടാതെ, അത് തരുന്ന സ്വാതന്ത്ര്യം സമൂഹത്തിന് ഗുണം ചെയ്യുന്നുമുണ്ട്. അതുകൊണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കൂ, പ്രോത്സാഹിപ്പിക്കൂ, പ്രചരിപ്പിക്കൂ.

---

സ്വതന്ത്ര സോഫ്റ്റ്‌വെയറിനെപ്പറ്റി കൂടുതലറിയാൻ :

1) http://www.gnu.org
2) http://www.fsf.org
3) http://www.gnu.org.in
4) http://www.gnu.org.in/philosophy-of-free-software
5) http://en.wikipedia.org/wiki/Free_software

സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റമായ ഗ്നു ലിനക്സും അനേകം ആപ്ലിക്കേഷനുകളുമടങ്ങിയ സിഡികൾ ലഭിക്കാൻ നിങ്ങളുടെ പ്രദേശത്തുള്ള യൂസർ ഗ്രൂപ്പിനെ സമീപിക്കാം. തിരുവനന്തപുരത്തുള്ള സിക്സ്‌വെയർ ടെക്നോളജീസ് (Zyxware Technologies) കണ്ണൂരുള്ള Swatantra Software Solutions & Support തുടങ്ങിയ സ്ഥാപനങ്ങൾ സിഡികൾ ചുരുങ്ങിയ ചെലവിൽ അയച്ചു തരികയും ചെയ്യും. ഇനി നല്ല ഇൻറർനെറ്റ് കണക്ഷനുണ്ടെങ്കിൽ നിങ്ങൾക്ക് ഇത്തരം സിഡികൾ ഡൗൺലോഡ് ചെയ്യാവുന്നതേയുള്ളൂ. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ആരോടെങ്കിലും ചോദിച്ചു നോക്കൂ. അവർക്ക് സന്തോഷമേ ഉണ്ടാവൂ നിങ്ങളെ സഹായിക്കാൻ.

---

space

*where free software is a way of life*

Society for the Promotion of
Alternative Computing and Employment

C11, Elankom Gardens, Thiruvananthapuram 695010
http://www.space-kerala.org